വളരെ അടിയന്തരം

**ഭരണഭാഷ-മാതൃഭാഷ**

എ5/25/റ്റിസി-2020

ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം, കേരളം
തിയതി 11.03.2020

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – കൊറോണ വൈറസ്(കോവിഡ്19) വ്യാപനം പ്രതിരോധിക്കുന്നത്- നിർദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്

സംസ്ഥാനത്ത് കൊറോണ വൈറസ് വ്യാപിക്കുനത് തടയുവാൻ വിവിധ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മുൻകരുതലുകൾ സർക്കാർ ഓഫീസുകളിലെ ജീവനക്കാർ പാലിക്കണം എന്ന് ബഹു. കേരള മുഖ്യമന്ത്രി നിർദേശിച്ചിട്ടുണ്ട്. പൊതുജനസമ്പർക്കം വളരെ കൂടുതൽ ഉള്ള വകുപ്പിലെ ഓഫീസുകൾ താഴെ പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

- കൊറോണ വൈറസ് വ്യാപനം തടയുവാൻ വകുപ്പിലെ എല്ലാ ഓഫീസുകളിലും **12.03.2020** ന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുവാൻ ബഹു ഗതാഗത വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും നിർദേശിച്ചിട്ടുണ്ട്. ഓഫീസുകളിൽ ജീവനക്കാര് ഉപയോഗിക്കുന്ന കംബ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, പൊതുജനം ഉപയോഗിക്കുന്ന കിയോസ്കുകൾ, ശൌചാലയങ്ങൾ ഉൾപ്പടെ എല്ലാ സ്ഥലങ്ങളും അണുവിമുകതമാക്കുവാൻ വേണ്ട നടപടികൾ ഓഫീസ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.
- 10.03.2020 ന് ഗതാഗത കമ്മീഷണർ പുറപ്പെടുവിച്ച വാർത്താ കുറിപ്പിലെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.
- പൊതു ജനവുമായി ഇടപഴകുന്ന ഓഫീസ് ജീവനക്കാർ ആവശ്യമായ മുൻകരുതലുകള് എടുക്കേണ്ടതാണ്. ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട് ആയതിന് വേണ്ട നടപടികൾ ഓഫീസ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.
- കോറോണ വൈറസ് ബാധ സ്ഥിതീകരിച്ച ജില്ലകളിൽ പ്രത്യേക മുൻ കരുതലുകൾ എടുക്കുവാൻ ജില്ലാ മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്. ആരോഗ്യവകുപ്പ്

**വളരെ അടിയന്തരം**
**സമയബന്ധിതം**

**ഭരണഭാഷ-മാതൃഭാഷ**

അധികാരികളുമായി സമ്പർകം പുലർത്തേണ്ടതും നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്. പൊതു ജനങ്ങളെ ബാധിക്കുന്ന തീരുമാനങ്ങൾ പത്ര ദൃശ്യ മാധമങ്ങള് വഴി പ്രചരിപ്പിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്/-
ഗതാഗത കമ്മീഷണർ

പകർപ്പ്

1. വകുപ്പ് ആസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥരുടെ സി എ മാര്
2. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

# വാർത്താ കുറിപ്പ്

സംസ്ഥാനത്ത് **കോവിഡ് 19** വൈറസ് ബാധ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. 11.03.2020 മുതൽ ഒരാഴ്ചത്തേക്ക് ( 17/03/2020 വരെ) ലേണേഴ്സ് ടെസ്റ്റ്, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. ഒഴിവാക്കാൻ പറ്റാത്ത സഹചര്യത്തിൽ ടെസ്റ്റ് അനിവാര്യമായി നടത്തേണ്ടിവന്നാൽ ടെസ്റ്റിൽ പങ്കെടുക്കുന്നവരും ഉദ്യോഗസ്ഥരും ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കേണ്ടതും മാസ്കുകൾ ധരിക്കേണ്ടതുമാണ്.
2. പത്തനംതിട്ട, കോട്ടയം, കൊല്ലം എന്നീ ജില്ലകളിൽ മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് നടപടികൾ ഈ കാലയളവിൽ പട്രോളിംഗ് മാത്രമായി ചുരുക്കുന്നു.
3. വകുപ്പിന്റെ കീഴിലുള്ള ഏതൊരു എൻഫോഴ്സ്മെന്റ് വാഹനവും ആവശ്യഘട്ടങ്ങളിൽ രോഗികളെ സുരക്ഷാ മുൻകരുതലുകൾ പാലിച്ച് ആശുപത്രിയിൽ കൊണ്ടുപോകാനായി ഉപയോഗിക്കാവുന്നതാണ്.
4. പ്രൈവറ്റ് ബസ്സുകളിൽ ഡ്രൈവർ, കണ്ടക്ടർ തുടങ്ങിയ എല്ലാ ജീവനക്കാരും ആരോഗ്യ വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിലുള്ള സുരക്ഷാ മുൻകരുതലുകൾ എടുക്കേണ്ടതും മാസ്കുകൾ ധരിക്കേണ്ടതുമാണ്.
5. ബസ്സ് യാത്രക്കാരും ഇത്തരം മുൻകരുതലുകൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ ബസ്സ് ജീവനക്കാർ നൽകേണ്ടതാണ്.
6. പ്രൈവറ്റ് ബസ്സുകളിലും ബസ്സ് സ്റ്റേഷനുകളിലും കോവിഡ് 19 പ്രധിരോധ മുൻകരുതലുകളെ കുറിച്ച് ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന രീതിയിലുള്ള നോട്ടീസുകൾ ബന്ധപ്പെട്ട മാനേജുമെന്റുകൾ പതിപ്പിച്ച് സർക്കാരിന്റെ ഈ യജ്ഞത്തിൽ പങ്കാളികൾ ആകേണ്ടതാണ്.
7. ബസ്സ് സ്റ്റേഷനുകളിൽ വ്യക്തി ശുചിത്വം പാലിക്കുന്നതിനുള്ള സംവിധാനങ്ങൾ നിർബന്ധമായും ബന്ധപ്പെട്ട ബസ് സ്റ്റേഷൻ മാനേജുമെന്റുകൾ ഒരുക്കേണ്ടതാണ്.

10/3

10/03/2020

ട്രാൻസ്പോർട്ട് കമ്മീഷണർ